**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1115** **18-01-2021 - ൽ മറുപടിയ്ക്ക്**

**ചെർക്കള-ജൽസൂർ സംസ്ഥാനപാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ. കുഞ്ഞിരാമൻ | | **Shri G. Sudhakaran**<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ ചെർക്കള-ജൽസൂർ സംസ്ഥാനപാതയുടെ ഉപരിതലം പുതുക്കിയിട്ട് വർഷമെത്രയായി; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | 2012-13 കാലഘട്ടങ്ങളിൽ കെ.എസ്.ടി.പി-യുടെ നേതൃത്വത്തിലാണ് കാസർഗോഡ് ജില്ലയിലെ ചെർക്കള-ജൽസൂർ സംസ്ഥാനപാതയുടെ ഉപരിതലം അവസാനമയി പുതുക്കിയിട്ടുള്ളത്. |
| (ബി) | നല്ല ഗതാഗതത്തിരക്കുള്ള ഈ അന്തർസംസ്ഥാനപാതയുടെ ഉപരിതലം പൂർണ്ണമായി പുതുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | കെ.എസ്.ടി.പി പ്രവൃത്തിയുടെ ഡി.എൽ.പി കഴിഞ്ഞതിനു ശേഷം റോഡ് പ്രതലത്തിലുണ്ടായ നാശനഷ്ടങ്ങൾ നോൺപ്ലാൻ ഫണ്ട് ഉപയോഗിച്ച് കാലാകാലങ്ങളിൽ നികത്തിയിട്ടുണ്ട്. നിലവിൽ പ്രസ്തുത റോഡിൽ കി.മീ 1/000 മുതൽ 10/000 വരെയുള്ള ഭാഗത്തിന് 6 കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമായതിനു ശേഷം പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. കി.മീ 0/000 മുതൽ 1/000 വരെയും, കി.മീ 10/000 മുതൽ 39/138 വരെയും ഉപരിതലം പുതുക്കുന്നതിന് കെ.എസ്.ടി.പി-യുടെ 7 വർഷ റോഡ് പരിപാലന പദ്ധതിയിൽ(OPBRC) ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ടെണ്ടർനടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |
| (സി) | റീ ബിൽഡ് കേരള പ്രോജക്റ്റിൽ ഈ റോഡ് അഭിവൃദ്ധി പ്പെടുത്തുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഈ റോഡ് അഭിവൃദ്ധിപ്പെടുത്തുന്നത് നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ